"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം -സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ വേതനപാക്കേജ് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.2/2026/F&CS തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.29/2017/ഭ.പൊ.വി.വ തീയതി 10.11.2017
2. സ.ഉ.(കൈ) നം.46/2018/ഭ.പൊ.വി.വ തീയതി 30.11.2018
3. റേഷൻവ്യാപാരികളുടെ വേതനപാക്കേജ് പരിഷ്കരിക്കുന്നത് സംബന്ധിച്ച് മൂന്നംഗ കമ്മിറ്റി സമർപ്പിച്ച ശുപാർശ
4. ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെയും, ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 20.01.2026 ന് ചേർന്ന യോഗതീരുമാനം.
5. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 21.01.2026 ലെ CCS/3950/2023-A9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻവ്യാപാരികൾക്ക് ഒരു മിനിമം കമ്മീഷൻ ഉറപ്പുവരുത്തി പുറപ്പെടുവിച്ച പരാമർശം (1)-ലെ ഉത്തരവ് പരാമർശം (2) പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിനു ശേഷമുള്ള റേഷൻവ്യാപാരികളുടെ സാമ്പത്തികവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റേഷനിംഗ് കൺട്രോളർ, ലോ ഓഫീസർ, വിജിലൻസ് ഓഫീസർ എന്നിവരടങ്ങിയ മൂന്നംഗസമിതിയെ സർക്കാർ ചുമതലപ്പെടുത്തുകയും, പ്രസ്തുത സമിതി റേഷൻ വ്യാപാരികളുടെ വിവിധ പ്രശ്നങ്ങളും വേതനപാക്കേജും പഠിച്ച് പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിക്കുകയുമുണ്ടായി.

3) പരാമർശം (4) പ്രകാരം നടന്ന യോഗത്തിന്റെയും, പരാമർശം (5)-ലെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ലഭ്യമായ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. **റേഷൻവ്യാപാരികളുടെ വേതനം, എല്ലാ ഘടകങ്ങളും ഉൾപ്പെടെ ആകെ വർദ്ധനവ് പരമാവധി 8,000/- രൂപയിൽ അധികരിക്കാൻ പാടില്ല** എന്ന നിബന്ധനയോടെ 2026 ജനുവരി മാസം മുതൽ പ്രാബല്യത്തിൽ റേഷൻവ്യാപാരികളുടെ കമ്മീഷൻ പാക്കേജ് താഴെപ്പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. 45 ക്വിന്റലിനു മുകളിൽ വിതരണം നടത്തുന്ന വ്യാപാരികളുടെ അടിസ്ഥാന കമ്മിഷൻ 18000/ രൂപയിൽ നിന്നും 21000/- രൂപയായി വർദ്ധിപ്പിച്ചു. 45 ക്വിന്റലിനു മുകളിൽ വിതരണം നടത്തുന്ന ഓരോ ക്വിന്റലിനും 200/- രൂപ നിരക്കിൽ (ആകെ വർദ്ധനവ് പരമാവധി 8,000/- രൂപയിൽ അധികരിക്കാൻ പാടില്ല) സപ്പോർട്ടീവ് പേയ്മെന്റ് ലഭ്യമാകും.

2. വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് 15 ക്വിന്റലിനു മുകളിൽ 45 ക്വിന്റൽ വരെ ആണെങ്കിൽ അടിസ്ഥാന കമ്മീഷൻ 9000/-രൂപയും വിതരണം നടത്തുന്ന ഓരോ ക്വിന്റലിനും (ആകെ വർദ്ധനവ് പരമാവധി 8,000/- രൂപയിൽ അധികരിക്കാൻ പാടില്ല) 270/- രൂപ സപ്പോർട്ടീവ് പേയ്മെന്റ് ലഭ്യമാകും. പരമാവധി 21000/രൂപയായിരക്കും കമ്മീഷൻ.

3. വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് 15 ക്വിന്റൽ വരെ ആണെങ്കിൽ അടിസ്ഥാന വ്യാപാരി കമ്മീഷൻ 6800/- രൂപ ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
2. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ), തിരുവനന്തപുരം
4. ധനകാര്യ (അഗ്രി-സി) വകുപ്പ് (3409100/Agri-C2/14/2026-FIN 17.02.2026)
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ (ഭ.പൊ.വി.വ-ബി3/28/2026-ഭ.പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
സെക്ഷൻ ഓഫീസർ
Date: 25-02-2026 16:27:23

പകർപ്പ് :-

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ഭക്ഷ്യ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭക്ഷ്യവകുപ്പ സെക്രട്ടറിയുടെ പി.എയ്ക്ക്

ഭക്ഷ്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഭക്ഷ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്